Date: September 02, 2026
Newspaper : Mathrubhumi, Pg.11

# ഐ.ഐ.എമ്മിൽ നയതന്ത്ര നേതൃപാടവ ക്യാമ്പ് 4, 5 തീയതികളിൽ

## മുഖ്യമന്ത്രിയും മന്ത്രിമാരും നാലിന് എത്തും

**കോഴിക്കോട്** ▸ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട്(ഐ.ഐ.എം.കെ.) സംഘടിപ്പിക്കുന്ന ദ്വിദിന നയതന്ത്ര നേതൃപാടവ ക്യാമ്പിന് മുഖ്യമന്ത്രി വി.ഡി. സതീശനും മന്ത്രിമാരും നാലിന് എത്തും. 'റീഇമാജിനിങ് കേരളം' എന്നു പേരിട്ട റെസിഡെൻഷ്യൽ ക്യാമ്പ് ഐ.ഐ.എം. ക്യാമ്പസിൽ 4, 5 തീയതികളിലാണ് നടക്കുക. നാലിന് രാവിലെ ഒൻപതിന് മുഖ്യമന്ത്രി ഉദ്ഘാടനംചെയ്യും.

കേരളത്തിൽ ഉയർന്നുവരുന്ന അവസരങ്ങളും സംസ്ഥാനം നേരിടുന്ന സങ്കീർണമായ വെല്ലുവിളികളുമാണ് പരിപാടിയിൽ പ്രധാനമായും ചർച്ച ചെയ്യുക. പരിവർത്തനാത്മകമായ ആശയങ്ങൾ, ആഗോള തലത്തിലെ മികച്ച മാതൃകകൾ, സുസ്ഥിരവും സമഗ്രവുമായ വളർച്ചയിലേക്കുള്ള വഴികൾ എന്നിവയും ചർച്ചയാകും. പ്രൊഫ. ദേബാശിഷ് ചാറ്റർജിയുടെ നേതൃത്വത്തിലുള്ള ഐ.ഐ.എമ്മിലെ അധ്യാപകർ, വിവിധ വിഷയങ്ങളിലെ വിദഗ്ധർ എന്നിവരുമായി സഹകരിച്ചായിരിക്കും വിഷയങ്ങൾ അവതരിപ്പിക്കുക.